**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 888** **06-02-2023 - ൽ മറുപടിയ്ക്ക്**

**ആദിവാസി യുവജനങ്ങളുടെ മാനസികാരോഗ്യം മെച്ചപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി സി. കെ. ആശ,<br>ശ്രീ ജി എസ് ജയലാൽ ,<br>ശ്രീ വി ശശി,<br>ശ്രീ. പി. ബാലചന്ദ്രൻ** | | **ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | ഇതര വിഭാഗങ്ങളിൽ നിന്ന് വ്യത്യസ്തമായി സംസ്ഥാനത്തെ പ്രധാന പട്ടികവർഗ്ഗ വിഭാഗമായ പണിയ സമുദായത്തിൽപ്പെട്ടവരുടെ ആയുർദൈർഘ്യം കുറയുന്നതായും ജനസംഖ്യ അപകടകരമാംവിധം കുറയുന്നതായുമുള്ള വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | (എ) | **അമിത മദ്യപാനം, പുകയില മുറുക്ക്, ലഹരി വസ്തുക്കളുടെ അമിതമായ ഉപയോഗം എന്നീ ശീലങ്ങൾ മൂലം കാൻസർ, കരൾ സംബന്ധമായ രോഗങ്ങൾ, മറ്റു ശാരീരിക-മാനസിക പ്രശ്നങ്ങൾ, ജീവിത ശൈലീ രോഗങ്ങൾ എന്നിവയുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.** |
| (ബി) | സമീപകാലത്ത് വയനാട്ടിലെ ആദിവാസി വിഭാഗങ്ങളിൽപെട്ട യുവാക്കളിലും കൗമാരക്കാരിലും ആത്മഹത്യാ പ്രവണത വർദ്ധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | **വിശദമായ പരിശോധന നടത്തുന്നതാണ്.** |
| (സി) | നിസ്സാര പ്രശ്നങ്ങളിൽപെടുന്ന യുവാക്കളും കൗമാരക്കാരും കടുത്ത മാനസിക സംഘർഷങ്ങളിൽപ്പെട്ട് ആത്മഹത്യ ചെയ്യുന്നതായുള്ള വാർത്തകളുടെ അടിസ്ഥാനത്തിൽ വയനാട്ടിലെ വിവിധ ആദിവാസി വിഭാഗക്കാരായ യുവജനങ്ങളുടെ മാനസികാരോഗ്യം മെച്ചപ്പെടുത്തുന്നതിന് നടപ്പിലാക്കുന്ന പ്രവർത്തനങ്ങളുടെ വിശദാംശം ലഭ്യമാക്കുമോ; | (സി) | **വയനാട് ജില്ലയിലെ പട്ടികവർഗ വിഭാഗക്കാർക്ക് മാനസിക പരിചരണവും പുനരധിവാസവും ഉറപ്പു വരുത്തുന്നതിനായി ട്രൈബൽ മെന്റൽ ഹെൽത്ത് പ്രോജക്ട് നടപ്പിലാക്കി വരുന്നുണ്ട്. പ്രസ്തുത പദ്ധതി പ്രകാരം മാനസിക പ്രശ്നങ്ങളുള്ളവരുടെ വീടുകളിൽ നേരിട്ട് എത്തി ആവശ്യമായ ചികിത്സയും ബോധവൽക്കരണവും നൽകി വരുന്നു. കൂടാതെ ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസ്, കമ്മിറ്റഡ് സോഷ്യൽ വർക്കർമാർ, കൗൺസിലർമാർ, പ്രൊമോട്ടർമാർ എന്നിവർ വഴിയും ബോധവൽക്കരണവും, ഈ കൂട്ടർക്ക് ആവശ്യമായ സേവനങ്ങളും പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന ഉറപ്പു വരുത്തുന്നുണ്ട്.**<br><br>**ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പട്ടിക വർഗ്ഗ വികസന വകുപ്പും C-DAC-മായി സഹകരിച്ചുകൊണ്ട് വയനാട് ജില്ലയിലെ മുഴുവൻ പട്ടികവർഗ്ഗക്കാരുടെയും ആരോഗ്യം, വിദ്യാഭ്യാസം, തൊഴിൽ എന്നീ മേഖലകളിൽ നിലനിൽക്കുന്ന** |

| | | | |
|---|---|---|---|
| | | | **പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി "ഡിജിറ്റലി കണക്ടഡ് ട്രൈബൽ ഏര്യാസ്" എന്ന ബൃഹത്പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ട്.** |
| (ഡി) | മദ്യപാനം മൂലം മാനസിക, ശാരീരിക ആരോഗ്യം നഷ്ടപ്പെട്ട് മാരക രോഗങ്ങൾക്കും ആത്മഹത്യാ പ്രവണതയ്ക്കും അടിമപ്പെടുന്ന പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട യുവാക്കളിൽ ബോധവൽക്കരണം നടത്തി അവരെ ആരോഗ്യപൂർണ്ണമായ ജീവിതത്തിലേക്ക് തിരികെ കൊണ്ടുവരുന്നതിന് പ്രത്യേക പദ്ധതികൾ ആവിഷ്കരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ? | (ഡി) | **വയനാട് ജില്ലയിലെ പട്ടികവർഗ വിഭാഗക്കാർക്ക് മാനസിക പരിചരണവും പുനരധിവാസവും ഉറപ്പ് വരുത്തുന്നതിനായി ട്രൈബൽ മെന്റൽ ഹെൽത്ത് പ്രോജക്ട് നടപ്പിലാക്കി വരുന്നുണ്ട്. പ്രസ്തുത പദ്ധതി പ്രകാരം മാനസിക പ്രശ്നങ്ങളുള്ളവരുടെ വീടുകളിൽ നേരിട്ട് എത്തി ആവശ്യമായ ചികിത്സയും ബോധവൽക്കരണവും നൽകി വരുന്നു. കൂടാതെ ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസ്, കമ്മിറ്റഡ് സോഷ്യൽ വർക്കർമാർ, കൗൺസിലർമാർ, പ്രൊമോട്ടർമാർ എന്നിവർ വഴിയും ബോധവൽക്കരണവും, ഈ കൂട്ടർക്ക് ആവശ്യമായ സേവനങ്ങളും പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന ഉറപ്പ് വരുത്തുന്നുണ്ട്.**<br><br>**ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പട്ടിക വർഗ്ഗ വികസന വകുപ്പും C-DAC-മായി സഹകരിച്ചുകൊണ്ട് വയനാട് ജില്ലയിലെ മുഴുവൻ പട്ടികവർഗ്ഗക്കാരുടെയും ആരോഗ്യം, വിദ്യാഭ്യാസം, തൊഴിൽ എന്നീ മേഖലകളിൽ നിലനിൽക്കുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി "ഡിജിറ്റലി കണക്ടഡ് ട്രൈബൽ ഏര്യാസ്" എന്ന ബൃഹത്പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ട്.** |

സെക്ഷൻ ഓഫീസർ